"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്- ജീവനക്കാര്യം- തിരുവനന്തപുരം ജില്ലാ റവന്യൂ ഭരണ വിഭാഗത്തിൽ നിന്നും ഓഫീസ് അറ്റൻഡന്റായി വിരമിച്ച ശ്രീ. സുദർശനൻ എം. ന് രണ്ടാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ.(സാധാ) നം.1401/2024/RD തീയതി,തിരുവനന്തപുരം, 14-06-2024

---

പരാമർശം:-
1. 14.01.2010 ലെ 5/2010/ധന നമ്പർ സർക്കുലർ.
2. 10.02.2021 ലെ സ.ഉ.(പി) നം.27/2021/ധന.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 07.12.2022, 08.03.2024 എന്നീ തീയതികളിലെ LR/13160/2022-LR(N3) നമ്പർ കത്തുകൾ.

**ഉത്തരവ്**

റവന്യൂ വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 18.04.2007 ൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. സുദർശനൻ എം. 17.04.2022 ൽ 15 വർഷം പൂർത്തീകരിച്ചുവെന്നും ടിയാൻ തിരുവനന്തപുരം ജില്ലാ റവന്യൂ ഭരണ വിഭാഗത്തിൽ നിന്നും 31.05.2022 ൽ വിരമിച്ചതിനാൽ ടിയാന് 15 വർഷത്തെ ഹയർഗ്രേഡ് അനുവദിക്കുന്നതിനായി പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ ഒരു പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയുണ്ടായി. ടിയാന് 18.04.2015 തീയതി പ്രാബല്യത്തിൽ 8 വർഷത്തെ ഹയർഗ്രേഡ് അനുവദിച്ചിട്ടുണ്ടെന്നും അറിയിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലാ റവന്യൂ ഭരണ വിഭാഗത്തിൽ നിന്നും 31.05.2022 ൽ ഓഫീസ് അറ്റൻഡന്റായി വിരമിച്ച ശ്രീ. സുദർശനൻ എം., ടി തസ്തികയിൽ 15 വർഷം പൂർത്തിയാക്കുന്ന 22.04.2022 തീയതി പ്രാബല്യത്തിൽ, പരാമർശം (2) ശമ്പള പരിഷ്കരണ ഉത്തരവിലെ അനക്സർ VI ഖണ്ഡിക 2, ടേബിൾ 2 പ്രകാരം 24,400-55,200 ശമ്പള സ്കെയിലിൽ കെ.എസ്.ആർ., ഭാഗം I ചട്ടം 28A ഫിക്സേഷനോട് കൂടി ടിയാന്റെ രണ്ടാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ച് ഉത്തരവാകുന്നു.

3) കൂടാതെ അപേക്ഷകന് കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച് പരാമർശം (1) സർക്കുലറിലെ വ്യവസ്ഥകൾ കൂടി പരിശോധിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നിസ്സാർ .എ
അണ്ടർ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം. (ശ്രീ. സുദർശനൻ എം. ന്റെ സേവന പുസ്തകം സഹിതം)
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. സുദർശനൻ എം., റിട്ട. ഓഫീസ് അറ്റൻഡന്റ്, ചിറയിൻകീഴ് താലൂക്ക് ഓഫീസ്, തിരുവനന്തപുരം. (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (09.05.2024 ലെ 2755413: EXP-D1/129/2024-FIN നമ്പർ റിമാർക്സ് പ്രകാരം).
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.(REV-T1/7/2023-REV)

ഉത്തരവിൻ പ്രകാരം
Signed by
Sindhu Beegum M S
Date: 14-06-2024 18:31:09
സെക്ഷൻ ഓഫീസർ